**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 250** **11-03-2025 - ൽ മറുപടിയ്ക്ക്**

**ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ടൂറിസം സാധ്യതയുള്ള വിവിധ സ്ഥലങ്ങളെ ടൂറിസം ഡെസ്റ്റിനേഷനുകളാക്കി മാറ്റുന്നതിന്റെ ഭാഗമായി വിനോദസഞ്ചാര വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് ''ഡെസ്റ്റിനേഷൻ ചലഞ്ച്''. ഈ പദ്ധതി പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയും നേതൃത്വത്തോടെയും തദ്ദേശീയമായ വിനോദസഞ്ചാര സാധ്യതകളുള്ള ഡെസ്റ്റിനേഷനുകൾ വികസിപ്പിച്ച് ടൂറിസം വികസനം വിപുലമാക്കാനാണ് ഉദ്ദേശിക്കുന്നത്.<br><br>ഈ പദ്ധതിയിൻ കീഴിൽ തിരഞ്ഞെടുക്കപ്പെടുന്ന പ്രവൃത്തികൾക്ക് പദ്ധതി തുകയുടെ 60% (പരമാവധി 50 ലക്ഷം രൂപവരെ) വിനോദസഞ്ചാര വകുപ്പ് നൽകുന്നതാണ്.<br><br>ഇതിനായി, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ 'പദ്ധതി റിപ്പോർട്ട്' ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുടെ പോർട്ടലിൽ നിർദ്ദിഷ്ട മാതൃകയിൽ അപ്‌ലോഡ് ചെയ്യേണ്ടതും വിനോദസഞ്ചാര വകുപ്പ് ആവശ്യമായ പരിശോധനകൾ നടത്തി ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുടെ നിബന്ധനകൾക്ക് വിധേയമായി ഭരണാനുമതി നൽകുന്നതുമാണ്. ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിൽ വിനോദസഞ്ചാര വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും ഫണ്ടിനൊപ്പം എം.എൽ.എ മാരുടെ ആസ്തി വികസന ഫണ്ട് കൂടി വിനിയോഗിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.<br><br>നാളിതുവരെ ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ള 41 പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി |

| | | | |
|---|---|---|---|
| | | | ചേർക്കുന്നു. 2 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്, 20 പദ്ധതികളുടെ നിർമാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു, 19 പദ്ധതികൾ പ്രാരംഭദിശയിലാണ്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം എത്ര കേന്ദ്രങ്ങൾ വിനോദസഞ്ചാര കേന്ദ്രങ്ങളായി വികസിപ്പിക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | എറണാകുളം ജില്ലയിലെ കാലടി ഗ്രാമപഞ്ചായത്തിന്റെ ടൂറിസം ഡെസ്റ്റിനേഷൻ & ഓപ്പൺ ജിംനേഷ്യം അറ്റ് മാണിക്യമംഗലം എന്ന പദ്ധതിയും മലപ്പുറം ജില്ലയിലെ വളാഞ്ചേരി മുനിസിപ്പാലിറ്റിയുടെ വേളികുളം കമ്മ്യൂണിറ്റി ചിൽഡ്രൻസ് പാർക്ക് എന്നിങ്ങനെ രണ്ട് പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം പുതിയ കേന്ദ്രങ്ങൾ തിരഞ്ഞെടുക്കുന്നതിനും വികസിപ്പിക്കുന്നതിനുമായി ആസൂത്രണം ചെയ്ത തുടർപ്രവർത്തനങ്ങൾ വിവരിക്കാമോ; | (സി) | പ്രസ്തുത പദ്ധതി പ്രകാരം പുതിയ കേന്ദ്രങ്ങൾ തിരഞ്ഞെടുക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ജില്ലാതലത്തിൽ ആവശ്യമായ ചർച്ചകൾ നടത്തി ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുടെ മാനദണ്ഡങ്ങൾ പ്രകാരം പദ്ധതികൾ രൂപം നൽകുന്നതിന് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | നിലവിൽ പൂർത്തീകരിച്ചിട്ടുള്ള പദ്ധതികളിൽ സ്വകാര്യ പങ്കാളിത്തം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | നിലവിൽ പൂർത്തീകരിച്ച പദ്ധതികളിൽ സ്വകാര്യപങ്കാളിത്തത്തോടെ നിർവ്വഹിച്ചത് ഇല്ല. ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിൽ സ്വകാര്യമേഖലയുടെ പങ്കാളിത്തം ഉറപ്പാക്കാനുള്ള നടപടികൾ ആലോചനയിലാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | ജില്ല | മണ്ഡലം | പദ്ധതിയുടെ പേര് |
|---|---|---|---|
| 1 | എറണാകുളം | അങ്കമാലി | ടൂറിസം ഡെസ്റ്റിനേഷൻ ആൻഡ് ഓപ്പൺ ജിം അറ്റ് മാണിക്യമംഗലം - കാലടി ഗ്രാമ പഞ്ചായത്ത് |
| 2 | എറണാകുളം | അങ്കമാലി | മംഗലമ്പുഴ പാർക്ക് റിനോവേഷൻ |
| 3 | എറണാകുളം | പെരുമ്പാവൂർ | റിനോവേഷൻ ഓഫ് കോടമ്പള്ളി ചിറ |
| 4 | എറണാകുളം | പിറവം | മൂലെമ്മൽ ടൂറിസം പാർക്ക് |
| 5 | എറണാകുളം | മൂവാറ്റുപുഴ | ഡെവലപ്പ്മെന്റ്ഓഫ് ചെമ്പ്രക്കോട്ടു ചിറ |
| 6 | എറണാകുളം | പിറവം | ഡെവലപ്മെൻറ് ഓഫ് വയലോരം |
| 7 | മലപ്പുറം | കോട്ടയ്ക്കൽ | വേളികുളം കമ്മ്യൂണിറ്റി ചിൽഡ്രൻസ് പാർക്ക് |
| 8 | പാലക്കാട് ജില്ല | തരൂർ | ചിൽഡ്രൻസ് & അഡ്വഞ്ചർ പാർക്ക് അറ്റ് കാരമല, തരൂർ ഗ്രാമപഞ്ചായത്ത് |
| 9 | കൊല്ലം | കുന്നത്തൂർ | വെസ്റ്റ് കല്ലട ഗ്രാമീണ ടൂറിസം - നിഴലിടം |
| 10 | കൊല്ലം | | ചേലൂർ ടൂറിസം പ്രൊജക്റ്റ് - ഫേസ് 1 |
| 11. | ആലപ്പുഴ | മാവേലിക്കര | ഇരപ്പൻപാറ റെയിൻബോ വാട്ടർഫാൾസ് & ഇക്കോ ടൂറിസം പദ്ധതി |
| 12 | ആലപ്പുഴ | അരൂർ | കാക്കത്തുരുത്ത് പദ്ധതി |
| 13 | കോട്ടയം | കാഞ്ഞിരപ്പള്ളി | വാഴൂർ പൊത്തൻ പ്ലാക്കൽ നക്ഷത്ര ജലോത്സവം |
| 14 | കോട്ടയം | കടുത്തുരുത്തി | മധുരം പൂങ്കാവനം കാണക്കാരി ഗ്രാമപഞ്ചായത്ത് |
| 15 | കോട്ടയം | കടുത്തുരുത്തി | അരീക്കുഴി വാട്ടർ ഫാൾസ് ഇൻ ഉഴവൂർ ഗ്രാമ പഞ്ചായത്ത് |
| 16 | കോട്ടയം | ഏറ്റുമാനൂർ | നീണ്ടൂർ കൈപ്പുഴകാറ്റ് ടൂറിസം ഡെവലപ്മെന്റ് പദ്ധതി |
| | | | |

| | | | |
|---|---|---|---|
| 17 | തൃശ്ശൂർ | മണലൂർ | എളവള്ളി ഗ്രാമപഞ്ചായത്ത് – മണച്ചാൽ കുട്ടികളുടെ പാർക്ക് & കയാക്കിങ്ങ് |
| 18 | തൃശ്ശൂർ | ഇരിങ്ങാലക്കട | മുരിയാട് ഗ്രാമപഞ്ചായത്ത് – പൊതുമ്പുച്ചിറ കായൽ ടൂറിസം |
| 19 | തൃശ്ശൂർ | നാട്ടിക | ചെമ്മാപ്പിള്ളി തൂക്കുപാലം & സരയൂ തീരം |
| 20 | വയനാട് | കൽപ്പറ്റ | മുണ്ടേരി പാർക്ക് |
| 21 | വയനാട് | സുൽത്താൻ ബത്തേരി | ഗോവിന്ദമൂല ചിറ ടൂറിസം വികസനം |
| 22 | വയനാട് | മാനന്തവാടി | ഇടവക വില്ലേജ് ടൂറിസം |
| 23 | വയനാട് | കൽപ്പറ്റ | ഡെസ്റ്റിനേഷൻ ചലഞ്ച് – വൈത്തിരി റിവർ ടൂറിസം |
| 24 | കണ്ണൂർ | മട്ടന്നൂർ | നെടുംകുളം കടവ് പാർക്ക് |
| 25 | കണ്ണൂർ | പേരാവൂർ | ഇക്കോ പാർക്ക് അറ്റ് പെരുമ്പറമ്പ |
| 26 | കണ്ണൂർ | ഇരിക്കൂർ | ചിൽഡ്രൻസ് പാർക്ക് റിലേറ്റഡ് ബിൽഡിംഗ് കുറ്റിപ്പുല്ല് |
| 27 | ഇടുക്കി | ഉടുമ്പൻചോല | ബ്യൂട്ടിഫിക്കേഷൻ ഓഫ് പാപ്പിനിമേട് വ്യൂ പോയിന്റ് |
| 28 | ഇടുക്കി | ദേവികുളം | ചുനാമയക്കൽ വെള്ളച്ചാട്ടം– വെള്ളത്തൂവൽ ജി.പി |
| 29 | ഇടുക്കി | പീരുമേട് | തേക്കടി ടൂറിസം പാർക്ക്– കുമളി ജി.പി |
| 30 | ഇടുക്കി | ദേവികുളം | ബ്യൂട്ടിഫിക്കേഷൻ ഓഫ് എരച്ചിൽപ്പാറ – കച്ചാരം വാട്ടർഫാൾസ് |
| 31 | ഇടുക്കി | ഉടുമ്പൻചോല | ഡെവലപ്മെന്റ് ഓഫ് കനകക്കുന്ന് വ്യൂ പോയിന്റ് (രാജാക്കാട് ജിപി–ഇടുക്കി) |
| 32 | ഇടുക്കി | പീരുമേട് | ഏകയം വാട്ടർ ഫാൾസ് – പെരുവന്താനം ജി.പി |
| 33 | ഇടുക്കി | ദേവികുളം | നക്ഷത്രക്കുത്ത് ഫാൾസ് അറ്റ് പാമ്പുംകയം –മാങ്കുളം ജി.പി. |
| 34 | ഇടുക്കി | പീരുമേട് | ഒട്ടകത്തലമേട് ടൂറിസം വികസനം |
| 35 | പത്തനംതിട്ട | റാന്നി | അയിരൂർ കഥകളി മ്യൂസിയം |
| 36 | പത്തനംതിട്ട | കോന്നി | തേനരുവി വാട്ടർ ഫാൾസ് |

| | | | |
|---|---|---|---|
| 37 | കാസർഗോഡ് | കാഞ്ഞങ്ങാട് | കോട്ടഞ്ചേരി ഹിൽ ഇക്കോ ടൂറിസം പ്രൊജക്റ്റ് |
| 38 | കോഴിക്കോട് | കുന്നമംഗലം | ചാലിയാർ ഇക്കോ ടൂറിസം പ്രോജെക്റ്റ് പെരുമണ്ണ പഞ്ചായത്ത് |
| 39 | കോഴിക്കോട് | കുറ്റ്യാടി | ചൊവ്വാപ്പുഴ ഇക്കോ ടൂറിസം അറ്റ് മണിയൂർ ഗ്രാമപഞ്ചായത്ത് |
| 40 | കോഴിക്കോട് | തിരുവമ്പാടി | തുക്കുടമണ്ണ തീർത്ഥാടന ടൂറിസം പ്രോജക്റ്റ് |
| 41 | കോഴിക്കോട് | തിരുവമ്പാടി | ഹാങ്ങിങ് ബ്രിഡ്ജ് അറ്റ് പതങ്കയം വാട്ടർഫാൾസ് |

**സെക്ഷൻ ഓഫീസർ**